എ.വൈ.ആര്‍

സൂറ-11

# ഹൂദ്

وَأَقِمِ ٱلصَّلَوٰةَ طَرَفَيِ ٱلنَّهَارِ وَزُلَفًا مِّنَ ٱلَّيۡلِۚ إِنَّ ٱلۡحَسَنَٰتِ يُذۡهِبۡنَ ٱلسَّيِّـَٔاتِۚ
ذَٰلِكَ ذِكۡرَىٰ لِلذَّٰكِرِينَ ﴿١١٤﴾

114 പകലിന്റെ രണ്ടറ്റങ്ങളിലും രാവിന്റെ കുറച്ചു നേരങ്ങളിലും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കണം. തീര്‍ച്ചയായും നന്മകള്‍ തിന്മകളെ ഹരിക്കുന്നു. ഇത് ദൈവവിചാരമുള്ളവര്‍ക്കുള്ള ഉല്‍ബോധനമത്രെ.

وَٱصۡبِرۡ فَإِنَّ ٱللَّهَ لَا يُضِيعُ أَجۡرَ ٱلۡمُحۡسِنِينَ ﴿١١٥﴾

115 ക്ഷമ കൈക്കൊള്ളുക. നിശ്ചയം, സുകൃതരുടെ കര്‍മഫലം അല്ലാഹു അശേഷം പാഴാക്കുന്നതല്ല.

പകലിന്റെ രണ്ടറ്റങ്ങളില്‍ =طَرَفَيِ ٱلنَّهَارِ നീ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കണം =وَأَقِمِ ٱلصَّلَوٰةَ
തീര്‍ച്ചയായും നന്മകള്‍ =إِنَّ ٱلۡحَسَنَٰتِ രാവില്‍നിന്നുള്ള =مِّنَ ٱلَّيۡلِ കുറച്ചു, അടുത്തനേരങ്ങളിലും =وَزُلَفًا
അ(ഇ)ത് =ذَٰلِكَ തിന്മകളെ =ٱلسَّيِّـَٔاتِ പോക്കുന്നു, ഹരിക്കുന്നു =يُذۡهِبۡنَ
(ദൈവവിചാരമുള്ളവര്‍ക്കുള്ള) ഓര്‍ക്കുന്നവര്‍ക്ക് =لِلذَّٰكِرِينَ അനുസ്മരണം, ഉല്‍ബോധനമത്രെ =ذِكۡرَىٰ
നിശ്ചയമായും അല്ലാഹു =فَإِنَّ ٱللَّهَ നീ ക്ഷമ കൈക്കൊള്ളുക =وَٱصۡبِرۡ
സുകൃതരുടെ =ٱلۡمُحۡسِنِينَ പ്രതി(കര്‍മ)ഫലം =أَجۡرَ (അശേഷം) പാഴാക്കുകയില്ല =لَا يُضِيعُ

**114,115:** മുന്‍ സൂക്തങ്ങളില്‍ സൂചിപ്പിച്ച സത്യത്തിലും ധര്‍മത്തിലുമുള്ള ശരിയായ നിലനില്‍പും സ്ഥൈര്യവും നേടിയെടുക്കാനുള്ള ഉപാധി ചൂണ്ടിക്കാണിക്കുകയാണീ സൂക്തങ്ങള്‍. ദൈവിക സരണിയില്‍ സഞ്ചരിക്കുന്നവര്‍ക്ക് ചെകുത്താനില്‍നിന്നും അവന്റെ കിങ്കരന്മാരില്‍നിന്നുമുണ്ടാകുന്ന സമ്മര്‍ദങ്ങള്‍ ചെറുത്തു തോല്‍പിക്കാനുള്ള ആത്മീയശക്തി ലഭിക്കുക നമസ്കാരത്തില്‍നിന്നാണെന്ന് ഖുര്‍ആന്‍ പലയിടത്തും ആവര്‍ത്തിച്ചനുസ്മരിച്ചിട്ടുള്ളതാണ്. ഉദാ: ٱسۡتَعِينُواْ بِٱلصَّبۡرِ وَٱلصَّلَوٰةِ (സഹനം കൊണ്ടും നമസ്കാരംകൊണ്ടും ദൈവിക സഹായം തേടുവിന്‍ – 2:45,153).

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ وَقَبْلَ غُرُوبِهَا ۖ وَمِنْ آنَاءِ اللَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ لَعَلَّكَ تَرْضَىٰ

(ആകയാൽ പ്രവാചകൻ അവരുടെ വർത്തമാനങ്ങൾ ക്ഷമിക്കുക. നാഥന്റെ സ്തുതി പ്രകീർത്തനം ചെയ്യുക; സൂര്യോദയത്തിനു മുമ്പും അസ്മതയത്തിനു മുമ്പും നിശാവേളകളിലും പകലിന്റെ അറ്റങ്ങളിലും പ്രകീർത്തനം ചെയ്യുക; നീ സംതൃപ്തനാകാൻ – 20:130).

നിർബന്ധമായി നിയമമാക്കപ്പെട്ട നമസ്കാരം അഞ്ചു സമയത്താണെന്ന കാര്യം മുസ്ലിം സമൂഹം ഏറക്കുറെ ഏകകണ്ഠമായ അംഗീകരിക്കുകയും ആചരിച്ചുവരികയും ചെയ്തിട്ടുള്ളതാണ്. ദീനുൽ ഇസ്ലാമിന്റെ ഏറ്റം പ്രാമാണികനായ പ്രയോക്താവും വിശുദ്ധ ഖുർആനിന്റെ ഏറ്റവും ആധികാരികനായ വ്യാഖ്യാതാവുമായ മുഹമ്മദ് നബി(സ) അപ്രകാരമാണ് നിർദേശിക്കുകയും അനുഷ്ഠിക്കുകയും ചെയ്തിട്ടുള്ളത് എന്നതാണ് അതിന്റെ അനിഷേധ്യമായ പ്രമാണവും മാതൃകയും. പ്രവാചകന്റെ കാലത്തോ അദ്ദേഹത്തിനു ശേഷം ഖുലഫാഉർറാശിദയുടെ കാലത്തോ നമസ്കാരം അഞ്ചു സമയങ്ങളിലാണ് എന്ന കാര്യത്തിൽ തർക്കം ഉണ്ടായിട്ടില്ല എന്നതിൽ കവിഞ്ഞ യാതൊരു പ്രമാണവും മുസ്ലിം സമൂഹത്തിന് ഇക്കാര്യത്തിൽ ആവശ്യവുമില്ല.

പിൽകാലത്ത് ഇസ്ലാമിക ആരാധനകളെ ലഘൂകരിക്കാനാഗ്രഹിച്ച ഒറ്റപ്പെട്ട ചിലയാളുകൾ നിർബന്ധ നമസ്കാരം മൂന്നേയുള്ളൂ എന്നു വാദിക്കുകയുണ്ടായി. അതിനുന്നയിച്ച തെളിവുകളിലൊന്ന് പ്രകൃത സൂക്തമാണ്. പകലിന്റെ രണ്ടറ്റങ്ങളിലും രാവ് അൽപം ചെല്ലുമ്പോഴും എന്നാണല്ലോ ഇവിടെ പറയുന്നത്. പകലിന്റെ രണ്ടറ്റങ്ങൾ സുബ്ഹിയും മഗ്രിബും രാവ് കുറെ ചെല്ലുമ്പോൾ ഇശാഅ്. ഈ തെളിവ് പലവിധത്തിൽ ഖണ്ഡിക്കപ്പെട്ടിരിക്കുന്നു. ഒന്ന്, നമസ്കാരം അഞ്ച് വഖ്ത് ആയി നിജയപ്പെടുത്തിയത് പ്രവാചകന്റെ മിഅ്റാജ് സംഭവത്തോടെയാണ്. ഈ സൂക്തം ആ സംഭവത്തിനു മുമ്പ് അവതരിച്ചതാണ്. അതിനാൽ ഇതിനെ നിലവിലുള്ള നമസ്കാര സമയങ്ങളുടെ നിർണയമായി കാണാവതല്ല. നമസ്കാര സമയം പ്രവാചകചര്യയിലൂടെ അഞ്ചായി സംശയലേശമന്യേ നിർണയിക്കപ്പെട്ടിരിക്കുന്നു.

രണ്ട്: പകലിന്റെ രണ്ടറ്റം എന്നു പറഞ്ഞതിൽ പകൽ സമയത്തെ മൂന്നു നമസ്കാരങ്ങളും –സുബ്ഹ്, ളുഹർ, അസ്വർ– ഉൾപ്പെട്ടിരിക്കുന്നു. സുബ്ഹ് ആദ്യത്തെ അറ്റം. ളുഹറും അസ്വറും രണ്ടാമത്തെ അറ്റം. രണ്ടറ്റം കൊണ്ടുദ്ദേശ്യം ഉത്തരാഹ്നവും സായാഹ്നവുമാണ്. 'രാത്രി ഏറെ ചെല്ലുമ്പോൾ' എന്നതുകൊണ്ട് വിവക്ഷ മഗ്രിബും ഇശാഉം ആകുന്നു. ഇമാം മുജാഹിദ് ഇപ്രകാരം വ്യാഖ്യാനിച്ചിട്ടുള്ളതായി ഇബ്നു ജരീറും അബൂ ഹാതിമും ഉദ്ധരിച്ചിരിക്കുന്നു. ഖുർആൻ, രാവിലെയും വൈകുന്നേരവും ആരാധന നിർവഹിക്കുക എന്ന അർഥത്തിൽ بُكْرَةً وَأَصِيلًا എന്നും بِالْعَشِيِّ وَالْإِبْكَارِ എന്നും പല സ്ഥലങ്ങളിലും പറയുന്നുണ്ട്. ഉദയത്തിന്റെയും അസ്തമയത്തിന്റെയും നിമിഷങ്ങൾ മാത്രമല്ല അതുകൊണ്ടുദ്ദേശ്യം, മറിച്ച് പകലിന്റെ രണ്ടു പകുതികളിലും, അഥവാ ഉച്ചക്കുമുമ്പും അതിനുശേഷവുമുള്ള സമയങ്ങളിൽ എന്നാണ്.

طرف ന്റെ ദ്വിവചനമാണ് طرفى. തെല്ല്, അറ്റം എന്നാണ് ഭാഷാർഥമെങ്കിലും طرف ന്റെ നിർവചനം ഒരു വസ്തുവിന്റെ മധ്യത്തിന് അപ്പുറവും ഇപ്പുറവുമുള്ള ഭാഗം എന്നാണ്. അതായത് മധ്യത്തിന്റെ ഇടതുഭാഗം ഇടത്തേ طرف. വലതുഭാഗം വലത്തെ طرف. ഇത് വസ്തുവിന്റെ അവസാനത്തിന്റെയോ ആരംഭത്തിന്റെയോ ബിന്ദുവല്ല. ആദ്യഭാഗവും അവസാനഭാഗവുമാണ്. ഉച്ചവരെയുള്ള സമയവും ഉച്ചക്കുശേഷം സന്ധ്യവരെയുള്ള സമയവുമാണ് طَرَفَيِ النَّهَارِ. അതിൽ പല സമയ ഘട്ടങ്ങൾ ഉൾപ്പെടുന്നതുകൊണ്ടാണ് ചില സ്ഥലങ്ങളിൽ أطراف النهار പകലിന്റെ طرف കൾ എന്ന് ബഹുവചനത്തിൽ പറയുന്നത്. ഈ അർഥ വിശേഷം طَرَفَيِ النَّهَارِ ന്റെ വിവക്ഷ സുബ്ഹും അസ്വറും മാത്രമല്ലെന്നും പകലിന്റെ ഇരുപകുതിയിലുമുള്ള പല സമയങ്ങളാണെന്നും സൂചിപ്പിക്കുന്നു. زُلْفَة ന്റെ ബഹുവചനമാണ് زُلَف. അടുപ്പം, അൽപം എന്ന ആശയത്തെ കുറിക്കുന്നു زلفة. പകലിനോടടുത്ത രാത്രിസമയത്തെയും രാത്രിയോട

ടുത്ത പകൽസമയത്തെയും കുറിക്കാനും ഈ പദം ഉപയോഗിക്കും. പകലിനോടടുത്ത രാത്രി നേരങ്ങളാണ് زُلَفًا مِّنَ ٱلَّيْلِ. മഗ്‌രിബിന്റെയും ഇശാഇന്റെയും സമയങ്ങളാണത്. ഈ രണ്ട് വഖ്തുകളെയും അതിനുശേഷമുള്ള ഖിയാമുല്ലൈലിനെയും ഉൾക്കൊള്ളുന്നതുകൊണ്ടാണ് زُلَفًا എന്ന് ബഹുവചനത്തിൽ പറഞ്ഞത്.

മൂന്ന്, പ്രകൃത സൂക്തത്തിൽ മൂന്നു സമയങ്ങളേ പരാമർശിക്കുന്നുള്ളൂ എന്നംഗീകരിച്ചാൽ തന്നെ ഇതോടൊപ്പം സൂറ ത്വാഹയിലെ മുകളിലുദ്ധരിച്ച 130–ാം സൂക്തവും കൂടി ചേർത്ത് സൂക്ഷ്മമായി വായിച്ചാൽ അഞ്ചു നമസ്കാര സമയങ്ങൾ മാത്രമല്ല, ദുഹാ നമസ്കാരവും തഹജ്ജുദും കൂടി അതിൽ സൂചിപ്പിക്കപ്പെട്ടതായി കാണാം.

ഉദയത്തിനു മുമ്പ് സുബ്ഹ്, അസ്തമയത്തിനു മുമ്പ് അസ്ർ. പിന്നെ പകലിന്റെ അറ്റങ്ങൾ എന്ന പരാമർശം സുബ്ഹിനും അസ്വറിനും ഇടക്ക് ഒന്നിലധികം നമസ്കാരങ്ങളുണ്ടെന്ന് സൂചിപ്പിക്കുന്നു. മധ്യാഹ്നത്തെ പ്രഭാതത്തിന്റെ പിന്നറ്റവും പ്രദോഷത്തിന്റെ മുന്നറ്റവുമായി ഗണിച്ചാൽ അതിലൊന്ന് ളുഹ്റാണെന്ന് വ്യക്തം. മറ്റേത് ളുഹാ നമസ്കാരമാണെന്ന് സുന്നത്തിൽനിന്ന് മനസ്സിലാക്കാം. നിശാവേളകൾ എന്ന ബഹുവചന പ്രയോഗം നിശയിൽ ഇശാ കൂടാതെയും നമസ്കാരമുണ്ടെന്നു സൂചിപ്പിക്കുന്നു. രാത്രി നമസ്കാരം (തഹജ്ജുദ്) ആണതെന്നു സുന്നത്ത് വ്യക്തമാക്കുന്നു. മറ്റൊരിടത്ത് أَقِمِ ٱلصَّلَوٰةَ لِدُلُوكِ ٱلشَّمْسِ إِلَىٰ غَسَقِ ٱلَّيْلِ وَقُرْءَانَ ٱلْفَجْرِ (നമസ്കാരം നിലനിർത്തുക, സൂര്യൻ തെറ്റുന്നതു മുതൽ രാവ് ഇരുട്ടുന്നതുവരെ പ്രഭാതത്തിൽ ഖുർആൻ പാരായണം പതിവാക്കുക – 17:78) എന്നു പറയുന്നുണ്ട്. ഇവിടെ സുബ്ഹ് കൂടാതെ സൂര്യൻ ആകാശ മധ്യത്തിൽനിന്ന് തെറ്റുന്നതു മുതൽ രാത്രി ഇരുൾ മൂടുന്നതുവരെയുള്ള സമയങ്ങളിൽ നമസ്കാരം കൽപിച്ചിരിക്കുന്നു. മധ്യാഹ്നം മുതൽ ഇരുൾ മുറ്റുന്നതുവരെ എന്ന വാക്ക് പല സമയങ്ങളെ ഉൾകൊള്ളുന്നു. അത് ളുഹ്റും അസ്റും മഗ്‌രിബും ഇശാഉമാണെന്ന് പ്രവാചക ചര്യ വ്യക്തമാക്കിത്തരുന്നു.

ഖുർആൻ വാസ്തവത്തിൽ ആരാധനയുടെ അഞ്ചിലേറെ സമയങ്ങൾ പറയുന്നുണ്ട്. ആ സമയങ്ങളിലെല്ലാം ആരാധനാനുഷ്ഠാനം –നമസ്കാരം– പുണ്യകരമാകുന്നു. ഇതിൽ അഞ്ചു സമയങ്ങളിലേ നമസ്കാരം ഓരോ മുസ്‌ലിമും ദിനേന നിർബന്ധമായി അനുഷ്ഠിക്കണമെന്ന് കൽപിച്ചിട്ടുള്ളൂ.

നന്മകൾ തിന്മകളെ പോക്കും إِنَّ ٱلْحَسَنَٰتِ يُذْهِبْنَ ٱلسَّيِّـَٔاتِ എന്നതിലെ നന്മകൾ കൊണ്ട് വിവക്ഷ അഞ്ചു നേരത്തെ നമസ്കാരമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇബ്നു മസ്ഊദും ഇബ്നു അബ്ബാസും ഇപ്രകാരം അർഥം നൽകിയിട്ടുള്ളതായി ഇബ്നു ജരീർ ഉദ്ധരിക്കുന്നുണ്ട്. അങ്ങനെയാകുമ്പോൾ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ (നിസ്സംശയം നമസ്കാരം അനാശാസ്യ നടപടികളിൽനിന്നു നീചകൃത്യങ്ങളിൽ നിന്നും തടയുന്നു – 29:45) എന്ന വാക്യത്തിന്റെ മറ്റൊരു ഭാഷ്യമാണിത്. നമസ്കാരം വിശ്വാസിയെ ദുഷ്ടതകളിൽനിന്നും പാപങ്ങളിൽനിന്നും ശുദ്ധീകരിക്കും എന്നു വ്യക്തമാക്കുന്ന നിരവധി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ: നബി(സ) പ്രസ്താവിച്ചു: "ഓരോ നമസ്കാരവും അതിനു മുമ്പു ചെയ്ത കുറ്റത്തെ മായ്ച്ചു കളയുന്നു" (അഹ്മദ്, ഇബ്നു മർദവൈഹി). "നമസ്കാരങ്ങൾ അവക്കിടയിൽ സംഭവിക്കുന്ന പാപങ്ങൾക്ക് പ്രായശ്ചിത്തമാക്കപ്പെട്ടിരിക്കുന്നു" (ഇബ്നു ജരീർ, ത്വബറാനി). ഒരിക്കൽ നബി(സ) ശിഷ്യന്മാരോടു ചോദിച്ചു: "നിങ്ങളുടെ പടിക്കലൂടെ ഒരു നദി ഒഴുകുന്നുവെന്നും നിങ്ങൾ ദിവസത്തിൽ അഞ്ചു പ്രാവശ്യം അതിൽ കുളിക്കുന്നുവെന്നും വെയ്ക്കുക. എങ്കിൽ നിങ്ങളിൽ വല്ല അഴുക്കും അവശേഷിക്കുമോ? ശിഷ്യന്മാർ പറഞ്ഞു: "ഇല്ല തിരുദൂതരേ." തിരുമേനി: "അതുപോലെയാണ് അഞ്ചുനേരത്തെ നമസ്കാരം. അല്ലാഹു അതുകൊണ്ട് നിങ്ങളുടെ തെറ്റുകുറ്റങ്ങളെ മായ്ച്ചു കളയുന്നു" (ബുഖാരി, മുസ്‌ലിം).

നമസ്കാരം ഉൾപ്പെടെ എല്ലാ നല്ല കാര്യങ്ങളെയും ഉൾക്കൊള്ളുന്ന പദമാകുന്നു حسنات. അതിനെ നമസ്കാരത്തിൽ പരിമിതമാക്കേണ്ട കാര്യമില്ല. നമസ്കാരവും അതുപോലുള്ള മറ്റു സൽകർമങ്ങളും കൂടുതൽ കൂടുതൽ ചെയ്തുകൊണ്ടിരിക്കുക, എങ്കിൽ നിങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടും എന്ന ആശയമാണിവിടെ മികച്ചു നിൽക്കുന്നത്. നമസ്കാരമല്ലാത്ത പല حسناتകളെയും നബി(സ) سيّئات നെ പോക്കിക്കളയുന്നവയായി വിശേഷിപ്പിച്ചിട്ടുണ്ട്. ഒരു അറഫാ നോമ്പ് അടുത്ത അറഫാ നോമ്പുവരെ സംഭവിക്കുന്ന തിന്മകളെ പോക്കി കളയുമെന്ന് നബി(സ) പ്രസ്താവിച്ചതായി ഖതാദഃ ഉദ്ധരിക്കുന്നു. 'ഭക്ഷണം കഴിച്ച ശേഷം الحمد لله الذى أطعمنى هذا الطعام ورزقنى من غير حول منى ولا قوة غفر له ما تقدّم من ذنب وما تأخر

ഈ ആഹാരം എന്നെ ഊട്ടുകയും എന്റെ കഴിവിനാലോ ശക്തിയാലോ അല്ലാതെ എനിക്കതരുളു

കയും ചെയ്ത അല്ലാഹുവിനു സ്തുതി എന്ന് പ്രാർഥിച്ചവന് മുൻപ് ചെയ്ത പാപങ്ങളും പിന്നീട് ചെയ്ത പാപങ്ങളും പൊറുക്കപ്പെടുന്നതാകുന്നു' (അബൂദാവൂദ്, ഇബ്നുമാജ).

حسنات അല്ലാഹു പരലോകത്ത് സൽഫലം വാഗ്ദാനം ചെയ്യുന്ന സൽകർമങ്ങളും سيّئات പരലോകത്ത് ശിക്ഷ താക്കീതു ചെയ്യപ്പെട്ട ദുർവൃത്തികളുമാകുന്നു. നന്മകൾ തിന്മകളെ പോക്കികളയും يُذْهِبْنَ എന്നാണ് പറയുന്നത്. ഇതിന് പല അർഥ മാനങ്ങളുമുണ്ട്. ഒന്ന്, കർത്താവിന്റെ കർമപുസ്തകത്തിൽ നിന്ന് അത് മായ്ച്ചു കളയും. അതിന്റെ പേരിൽ വിചാരണയോ ശിക്ഷയോ ഉണ്ടായിരിക്കുന്നതല്ല. രണ്ട്, ആ പാപങ്ങൾ കർമ പുസ്തകത്തിൽ രേഖപ്പെടുത്തുകയും വിചാരണാ വിധേയമാവുകയും ചെയ്യുമെങ്കിലും പൊറുക്കപ്പെടുകയും ശിക്ഷയിൽ നിന്നൊഴിവാക്കപ്പെടുകയും ചെയ്യും. മൂന്ന്, തിന്മകൾ പൊറുക്കപ്പെടുന്നതോടൊപ്പം ഭാവിയിൽ തിന്മകളിലേർപ്പെടാൻ പ്രേരിതനാവാത്തവിധം അയാൾ സംസ്കരിക്കപ്പെടുകയും ജീവിതം നന്മകളാൽ പുഷ്കലമാവുകയും ചെയ്യും. സൂറ *അൽ ഫുർഖാൻ* 70-ാം സൂക്തത്തിൽ പാപികൾക്ക് കൊടിയ ശിക്ഷ താക്കീതു ചെയ്ത ശേഷം പറയുന്നു: "എന്നാൽ അനന്തരം പശ്ചാത്തപിക്കുകയും സൽകർമങ്ങളിലേർപ്പെടുകയും ചെയ്തവർ ഈ ശിക്ഷയിൽ നിന്നൊഴിവാകുന്നു. അത്തരം ആളുകളുടെ തിന്മകളെ അല്ലാഹു നന്മകളാക്കി മാറ്റുന്നതാകുന്നു." പാപങ്ങൾ പൊറുക്കപ്പെടുന്നതിനുള്ള ഒരു ഉപാധിയാണ് പുണ്യങ്ങൾ. അത് അധികമധികം ചെയ്തുകൊണ്ടിരിക്കുക. അതുകൊണ്ട് സൽകർമങ്ങളിൽ ഏറെ തൽപരനാകുന്നതും സ്വീകാര്യമായ തൗബയുടെ ഉപാധിയായും എണ്ണപ്പെട്ടിരിക്കുന്നു.

നന്മകളാൽ പരിഹരിക്കപ്പെടുന്ന പാപങ്ങൾ -سيّئات- വൻകുറ്റങ്ങളായി -كبائر- എണ്ണപ്പെടാത്ത പാപങ്ങളാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ഇമാം മുസ്ലിം ഉദ്ധരിച്ച ഒരു ഹദീസിൽ നബി(സ) ഇപ്രകാരം പ്രസ്താവിച്ചതായി കാണാം: الصلوات الخمس والجمعة إلى الجمعة كفارة لما بينهن مالم تغش الكبائر (അഞ്ചു നമസ്കാരങ്ങളും ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെയും അതിനിടക്കുണ്ടായ പാപങ്ങൾക്ക് പ്രാശ്ചിത്തമാകുന്നു. വൻകുറ്റങ്ങളാൽ മൂടപ്പെട്ടില്ലെങ്കിൽ - മുസ്ലിം, അഹ്മദ്). വൻപാപങ്ങളിലേർപ്പെട്ടവർ അതിന്റെ പേരിൽ പ്രത്യേകം പശ്ചാത്തപിക്കുകയും നിർദേശിക്കപ്പെട്ട പ്രായശ്ചിത്ത നടപടികൾ കൈകൊള്ളുകയും വേണം. അന്യരുടെ അവകാശങ്ങൾ ഹനിച്ചവർ അതു തിരിച്ചുകൊടുക്കണം. അതിനു സാധ്യമല്ലെങ്കിൽ അവരോട് നേരിട്ട് ക്ഷമാപണം ചെയ്തു തൃപ്തിപ്പെടുത്തണം.

നമസ്കാരത്തിനു മുമ്പ് ചൊവ്വായ നിലകൊള്ളലും -استقامة- ശേഷം സഹനവും കൽപിച്ചതിൽ നിന്ന് നമസ്കാരവും ഇസ്തിഖാമത്തും സ്വബ്റും പരസ്പര ബന്ധിതങ്ങളാണെന്ന് സൂചിപ്പിക്കുന്നു. ആർജവമുള്ള വിചാരഗതിയും കർമരീതിയും നമസ്കാരത്തിന് പ്രചോദനം നൽകുന്നു. നമസ്കാരം സന്മാർഗത്തിലുള്ള ശരിയായ നിലകൊള്ളലിനെ കൂടുതൽ ദൃഢീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇസ്തിഖാമത്തിനും ഇഖാമത്തുസ്വലാത്തിനും സ്വബ്റ് കൂടിയേ തീരൂ. നമസ്കാരവും ഇസ്തിഖാമത്തും സ്വബ്റിനെ വളർത്തുകയും ചെയ്യും. ഈ മൂന്നു ഗുണങ്ങളും ചേരുമ്പോഴാണ് വ്യക്തി ആദർശ ധീരനും സ്വഭാവത്തിലും ചര്യയിലും സ്ഥിരതയുള്ളവനുമാകുന്നത്. അത്തരക്കാരുടെ കർമങ്ങളാണ് إحسان ആകുന്നത്. ഇഹ്സാനിന്റെ ആശയം നല്ല കാര്യങ്ങൾ നല്ല നിലയിൽ ചെയ്യുക അഥവാ അല്ലാഹു തന്റെ ഓരോ ചലനവും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന മട്ടിൽ ചെയ്യുകയാണെന്ന് നേരത്തെ വിശദമാക്കിയിട്ടുണ്ട്. ആ വിധത്തിൽ പ്രവർത്തിക്കുന്നവരുടെ കർമഫലം അല്ലാഹു അൽപവും പാഴാക്കുകയില്ല. ഇവിടെ ക്ഷമിക്കുക അല്ലാഹു ക്ഷമാശാലികളുടെ പ്രതിഫലം പാഴാക്കുകയില്ല -لا يضيع أجر الصابرين- എന്നുപറയാതെ أَجْرَ الْمُحْسِنِينَ എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. ക്ഷമയെന്നാൽ നിഷ്ക്രിയത്വമോ, അക്രമങ്ങൾക്കും അധർമങ്ങൾക്കുമെതിരെ പ്രതികരിക്കാതിരിക്കലോ അല്ല; ധർമമനുഷ്ഠിക്കുന്നതിലും അധർമം ചെറുക്കുന്നതിലും ഉറച്ചു നിൽക്കലാണ്. ആ വിധത്തിലുള്ള ക്ഷമ കൈക്കൊള്ളുന്നവരാണ് സുകൃതർ -محسنون. അവർക്കുള്ള കർമഫലമാണ് അല്ലാഹു ഒട്ടും പാഴാക്കാതെ നിവർത്തിച്ചു കൊടുക്കുക. ■